**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1177** **12-06-2024 - ൽ മറുപടിയ്ക്ക്**

**അന്തിപ്പച്ച മൊബൈൽ ഫിഷ്മാർട്ട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അന്തിപ്പച്ച മൊബൈൽ ഫിഷ്മാർട്ട് പദ്ധതിയുടെ വിശദാംശം നൽകാമോ; | (എ) | ഭക്ഷ്യസുരക്ഷ ഉറപ്പാക്കി ഗുണനിലവാരമുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി മത്സ്യഫെഡിന്റെ "തീരത്തുനിന്നും മാർക്കറ്റിലേയ്ക്ക്" (Coast to Market) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി സംസ്ഥാന സർക്കാർ ധനസഹായത്തോടുകൂടി എയർകണ്ടീഷൻ സംവിധാനത്തോട്ടു കൂടിയ 43 ഫിഷ്മാർട്ടുകളും, സഹകരണ ബാങ്ക്/സംഘവുമായി ചേർന്നുള്ള 17 ഫ്രാഞ്ചൈസി ഫിഷ്മാർട്ടുകളും വഴി മത്സ്യഫെഡ് മത്സ്യം വിപണനം ചെയ്തു വരുന്നു. ഫിഷ് മാർട്ടുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകാതെ വരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ സൗകര്യം കണക്കിലെടുത്ത് 2017 മുതൽ സഞ്ചരിക്കുന്ന മത്സ്യ വിപണനശാലയായ "അന്തിപച്ച യൂണിറ്റുകൾ" മത്സ്യഫെഡ് പ്രവർത്തിപ്പിച്ച് വരുന്നുണ്ട്. ഗുണനിലവാരമുള്ള മത്സ്യം ശേഖരിച്ച് നേരിട്ട് ഉപഭോക്താക്കൾക്ക് എത്തിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം |
| (ബി) | നിലവിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുള്ളത് ഏതൊക്കെ ജില്ലകളിലാണ്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; | (ബി) | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കണ്ണൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിലായി 15 അന്തിപ്പച്ച യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി ഇടുക്കി പോലുള്ള ജില്ലകളിൽ കൂടി ഈ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | 140 മണ്ഡലങ്ങളിലും നിലവിലുള്ള രീതിയിൽ അന്തിപ്പച്ച പദ്ധതി നടപ്പാക്കുന്ന കാര്യം മത്സ്യഫെഡിന്റെ പരിഗണന യിലാണ്. സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തുന്ന കാര്യം നിലവിൽ പരിഗണനയിൽ ഇല്ല |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| ക്രമ നമ്പർ | ജില്ല | സ്ഥലം | നിയോജകമണ്ഡലം. |
|---|---|---|---|
| 1 | തിരുവനന്തപുരം | ശാസ്തമംഗലം | തിരുവനന്തപുരം |
| 2 | | പട്ടം | കഴക്കൂട്ടം |
| 3 | | നാലാംചിറ | വട്ടിയൂർക്കാവ് |
| 4 | കൊല്ലം | കരുനാഗപ്പള്ളി | കരുനാഗപ്പള്ളി |
| 5 | | ആയൂർ | ചടയമംഗലം |
| 6 | | കുണ്ടറ | കുണ്ടറ |
| 7 | | നെടുമൺകാവ് | |
| 8 | | പെരുമ്പുഴ | |
| 9 | | കണ്ണനല്ലൂർ | |
| 10 | | കരിക്കോട് | |
| 11 | | കൊട്ടാരക്കര | കൊട്ടാരക്കര |
| 12 | ആലപ്പുഴ | പീങ്കാവ് | കോന്നി |
| 13 | കണ്ണൂർ | കണ്ണൂർ | അഴീക്കോട് |
| 14 | മലപ്പുറം | ചെട്ടിപ്പടി | തിരുരങ്ങാടി |
| 15 | കോഴിക്കോട് | കുന്ദമംഗലം | കുന്ദമംഗലം |